"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- ദേശീയ സമ്പാദ്യ പദ്ധതി-സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം-സി) വകുപ്പ്**

**സ.ഉ (അച്ചടി) നം. 82/2026/ധന** **തീയതി, തിരുവനന്തപുരം, 22.07.2026**

---

പരാമർശം:- 1.സ.ഉ(അച്ചടി)നം.23/2026/ധന. തീയതി:18/02/2026.

**ഉത്തരവ്**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്ന സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഉത്തരവിലെ ഖണ്ഡിക (2) ന് കീഴിൽ 26-ാമത്തെ നിബന്ധന ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം പദ്ധതി നടത്തിപ്പിലേക്കായി തയ്യാറാക്കുന്ന സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമായി ട്രഷറി സോഫ്റ്റ് വെയറുമായുള്ള സംയോജനം പൂർത്തിയാകുന്നത് വരെ സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം പ്രകാരം ശേഖരിച്ച തുക അനുവദനീയമായ പലിശ സഹിതം നേരിട്ട് പണമായോ, കുട്ടികളുടേയോ രക്ഷിതാവിന്റേയോ ബാങ്ക് അക്കൗണ്ടിലേക്കോ, ഇവരുടെ ജോയിന്റ് അക്കൗണ്ടിലേക്കോ, സ്കൂളിൽ നിന്ന് പിരിഞ്ഞ് പോകുമ്പോഴോ ആവശ്യാനുസരണമോ അനുവദിച്ച് നല്കാവുന്നതാണ്. പ്രസ്തുത തുക വിതരണം സംബന്ധിച്ച ഉത്തരവാദിത്വം പ്രധാനാദ്ധ്യാപകനിലും ചാർജ്ജ് വഹിക്കുന്ന അദ്ധ്യാപകനിലും നിക്ഷിപ്തമായിരിക്കും. സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം അക്കൗണ്ടുകളിൽ നിന്നും വലിയ തുക പണമായി പിൻവലിക്കുന്നതിനായി ട്രഷറികളിൽ സമർപ്പിക്കുന്ന ചെക്കിനോടൊപ്പം തുക നൽകേണ്ടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് (Beneficiary list) കൂടി സമർപ്പിക്കേണ്ടതാണ്.

2.പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിന്ദു എസ്**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

മറുപുറം

പകർപ്പ്:

1.അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് – II )കേരള, തിരുവനന്തപുരം.

3.സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.

4.ഡയറക്ടർ,ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ.

5.ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം

6.ട്രഷറി ഡയറക്ടർ,ഡയറക്ടറേറ്റ് ഓഫ് ട്രഷറീസ്,തിരുവനന്തപുരം.

7.എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.

8. നോഡൽ ഓഫീസർ, www.finance.kerala.gov.in.

9.കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-ഫയൽ നം.2963437).

**ഉത്തരവിൻ പ്രകാരം**

Karthika K

**അക്കൗണ്ട്സ് ഓഫീസർ**